മി. സ്പീക്കർ: കാളിംഗ് അറ്റൻഷൻ.....(ബഹളം).....I am sorry,...I am sorry..... ശ്രീ. കോടിയേരി ബാലകൃഷ്ണൻ, നമ്മൾ ഇന്നലെ വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. സഭ നിറുത്തിവച്ചു ചർച്ച 9.30 a.m.] ചെയ്തു. ഇനി ദിവസേന അതിന്റെ പേരിൽ ഓരോന്നുവന്ന്, സമരം നടത്തി ദിവസേന ലാത്തിച്ചാർജും വണ്ടി ഇടിക്കലും എന്നൊക്കെ പറഞ്ഞാൽ അടിയന്തിരപ്രമേയം അനുവദിക്കാൻ പറ്റില്ല. അതുകൊണ്ട് ദയവുചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ പറഞ്ഞല്ലോ. സബ്മിഷനായിട്ട് വേണമെങ്കിൽ തരാം. കാളിംഗ് അറ്റൻഷൻ, ശ്രീ. വി. കെ. ചന്ദ്രൻ.

II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ വന്ധ്യതാനിവാരണ ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. കെ. ചന്ദ്രൻ: സർ, തലമുറ അന്യംനിന്നു പോകാതിരിക്കാനും ജന്മസാഫല്യത്തിനുമായി ഒരു കുഞ്ഞിക്കാലുകാണാനുള്ള ദമ്പതിമാരുടെ സ്വപ്നങ്ങൾക്ക് സാഫല്യം നൽകിക്കൊണ്ട് ശാസ്ത്ര സാങ്കേതിക രംഗത്ത് സ്തുത്യർഹമായ നേട്ടം കൈവരിച്ച ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. വിവിധങ്ങളായ പ്രയാസങ്ങൾ അനുഭവിക്കുന്ന ദമ്പതിമാരെ നിരവധി രീതിയിൽ ചൂഷണം ചെയ്യുന്ന നിരവധി വൻകിട വന്ധ്യതാനിവാരണ കേന്ദ്രങ്ങളും നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം ഇന്ന് വെളിപ്പെട്ടിരിക്കുകയാണ്. ഇത്തരം കേന്ദ്രങ്ങൾക്ക് മനുഷ്യമുഖമില്ല. ലാഭങ്ങളുടെ കണക്കുകൾ മാത്രമേ ഇത്തരം കേന്ദ്രങ്ങൾക്കുള്ളൂ. വന്ധ്യതാനിവാരണത്തിനായി എത്തുന്ന ദമ്പതിമാരെ ഇത്തരം കേന്ദ്രങ്ങളിൽ ശാരീരികമായും മാനസികമായും പീഡനങ്ങൾക്ക് വിധേയരാക്കാറുണ്ട്. ഭാര്യാഭർത്താക്കൻമാരുടെ അറിവോ സമ്മതമോ ഇല്ലാതെ അണ്ഡവും ബീജവും ഉപയോഗിച്ച് മൃഗങ്ങളിൽ ബീജസങ്കലനം നടത്തുന്നതുപോലെ കൃത്രിമ ഗർഭധാരണം നടത്തുന്ന ക്ലിനിക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഇപ്പോൾ വാർത്ത വന്നിരിക്കുന്നത്. ഇങ്ങനെ ചില കേസുകൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ജില്ലാ കോടതികളിലുമൊക്കെ നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും, മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും പ്രധാനമന്ത്രിക്കുമൊക്കെ ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ഇതിന് വിധേയമായ ആളുകൾ അയച്ചിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ അണ്ഡം മുറിച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ട്. ആൺകുട്ടികളെ മാത്രം ഉൽപാദിപ്പിക്കുന്ന ഒട്ടനവധി കേന്ദ്രങ്ങൾ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ലക്ഷക്കണക്കിന് രൂപയാണ് ഇത്തരം കേന്ദ്രങ്ങൾ ഇതിനുവേണ്ടി മാത്രം വാങ്ങുന്നത്. വന്ധ്യതാനിവാരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യശാസ്ത്രം പ്രധാനമായിട്ടും മൂന്ന് രൂപത്തിലുള്ള ചികിൽസയാണ് നിശ്ചയിച്ചിട്ടുള്ളത്. Assisted Reproductive Technology, Intro Utrain Insemination, Intro Plasmic Sperm Injection (IPSI) ഏത് പോരായ്മയാണ് ദമ്പതികൾക്കുള്ളതെങ്കിലും ഇത്തരം ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആദ്യം ആവശ്യപ്പെടുന്നത് IPSI നടത്താനാണ്. ഇതിന് ലക്ഷക്കണക്കിന് രൂപയാണ് ഈടാക്കുന്നത്. ഏറ്റവും ചെലവുകൂടിയ ചികിൽസാ സമ്പ്രദായമാണ് IPSI. ഇത്തരം കേന്ദ്രങ്ങളൾക്ക് നിയമപരമായ യാതൊരു നിയന്ത്രണവുമില്ലാത്തതാണ് ഇതിന് പ്രധാനം കാരണം. അതുകൊണ്ട് തോന്നിയതുപോലെ ഫീസ് ഈടാക്കാനും ദമ്പതികളെ ചൂഷണം ചെയ്യാനും ഇത്തരം ക്ലിനിക്കുകൾക്ക് കഴിയും. ഇൻഫെർട്ടിലിറ്റി ക്ലിനിക് തുടങ്ങാൻ ഒരു ഡോക്ടറും ഒരു മേശയും ഒരു സ്റ്റെതസ്കോപ്പും ഒരു സെൻട്രിഫ്യൂജുമുണ്ടെങ്കിൽ ധാരാളമായി എന്ന ധാരണയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത്തരം ബോർഡ്വച്ച് നമ്മുടെ സംസ്ഥാനത്തെ ദമ്പതിമാരെ ചൂഷണം ചെയ്യുന്ന 500-ൽപ്പരം ക്ലിനിക്കുകൾ ഉണ്ടെന്നാണ് ഇപ്പോൾ കണക്കുകൾ വന്നിട്ടുള്ളത്. യാതൊരു നിയന്ത്രണവും ഇത്തരം കേന്ദ്രങ്ങൾക്കില്ലാത്തതു കൊണ്ട്, വളരെയേറെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്ന ഒരു ചികിൽസാ സമ്പ്രദായമാണ് അവലംബിച്ചു വരുന്നത്. അതുകൊണ്ട് അകത്ത് നടക്കുന്ന യാതൊരു കാര്യവും പുറംലോകം അറിയുന്നില്ല. പുറത്തുവന്ന ചില വാർത്തകളുടെ അടിസ്ഥാനത്തിൽ ഇത്തരം ക്ലിനിക്കുകളിലൂടെ സന്താന സൗഭാഗ്യം ലഭിച്ച മാതാപിതാക്കൾ സംശയാലുക്കളായി മാറി. അതുകൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്ന ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾക്ക് ലൈസൻസ് ഏർപ്പെടുത്തണം. ചികിൽസാരീതി ദമ്പതിമാരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി ശ്രമിക്കണമെന്ന് നിഷ്ക്കർഷിക്കണം. Indian Council for Medical Research പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. എന്നാൽ അതൊന്നും ഇത്തരം കേന്ദ്രങ്ങൾക്ക് ബാധകമല്ല. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ നിർബ്ബന്ധിക്കണം. അതുപോലെതന്നെ ഇത്തരം കേന്ദ്രങ്ങൾ നടത്തുന്ന തട്ടിപ്പ് തടയാൻ ഒരു നിയമനിർമ്മാണം നടത്തി അതു നടപ്പിലാക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, അണ്ഡവും ബീജവും ഉപയോഗിച്ചുകൊണ്ടുള്ള ഗർഭോല്പാദനം ഉൾപ്പെടെ അനവധി കാര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഒരുപാട് കാര്യങ്ങൾ പറഞ്ഞെങ്കിലും, അതിനെപ്പറ്റി എനിക്ക് പറയാനുള്ളത്, രോഗചികിൽസ എന്ന നിലയിൽ അണ്ഡവും ബീജവും ഉപയോഗിച്ചുള്ള Assisted Reproductive Technology നിലവിലുണ്ട്. ഗവണ്മെന്റ് ആശുപത്രികളിൽ സാധാരണ വന്ധ്യതാ ചികിൽസ മാത്രമേ നിലവിലുള്ളൂ. എന്നാൽ വളരെ ചെലവേറിയ ചികിൽസാ രീതികൾ പ്രൈവറ്റ് ആശുപത്രികളിൽ നിലവിലുണ്ട്. 10 പ്രൈവറ്റ് ആശുപത്രികളിൽ റീ-പ്രൊഡക്ടീവ് ഫെർട്ടിലിറ്റി സെന്ററുകളുണ്ട്. വലിയ തോതിലുള്ള ചികിൽസ ഈ 10 പ്രൈവറ്റ് ആശുപത്രികളിൽ നടത്തുന്നുണ്ട്. സംസ്ഥാനത്തെ വന്ധ്യതാ ചികിൽസ നടത്തുന്ന സെന്ററുകളുടെ നമ്പർ എന്റെ കൈവശമുണ്ട്. വന്ധ്യതാ ചികിത്സാ ക്ലിനിക്കുകളെ നിയന്ത്രിക്കുന്നതിന് Indian Council for Medical Research ഒരു ഡ്രാഫ്റ്റ് നിയമം തയ്യാറാക്കിയിട്ടുണ്ട്. താമസിയാതെ അത്

LIBRARY ARCHIVES Kerala Legislative Assembly

നിയമമാക്കുന്നതാണ്. അതിനുശേഷം എൻഫോഴ്സ് ചെയ്യും. നമ്മുടെ രാജ്യത്തെ വന്ധ്യതാ ചികിൽസാ ക്ലിനിക്കുകളെ നിയന്ത്രിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുന്നവിധത്തിലുള്ള പ്രത്യേക നിയമവ്യവസ്ഥകൾ ഇപ്പോൾ നിലവിലില്ല. ഇത്തരം ക്ലിനിക്കുകളെല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ്. ദേശീയ തലത്തിൽ ഇത് സംബന്ധിച്ച ഒരു ആക്ട് കൊണ്ടുവന്ന്, രാജ്യത്തെ അസിസ്റ്റഡ് റീ-പ്രൊഡക്ടീവ് ക്ലിനിക്കുകളെ അക്രഡിറ്റ് ചെയ്യുന്നതിനുള്ള മേൽനോട്ടത്തിനായി ദേശീയ തലത്തിൽ ഒരു മാർഗ്ഗരേഖയുടെ ഡ്രാഫ്റ്റ് 2002-ൽ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റേയും നാഷണൽ അക്കാഡമി ഓഫ് മെഡിക്കൽ സയൻസിന്റേയും സംയുക്തമായ മേൽനോട്ടത്തിൽ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അത് ഇതുവരെ അന്തിമമായി അംഗീകരിക്കുകയോ ആക്ടാകുകയോ ചെയ്തിട്ടില്ല. ഇതൊക്കെയാണെങ്കിലും ആരോഗ്യവകുപ്പ് അണ്ഡവും ബീജവും ദാനം ചെയ്യുന്ന ആളുകളെ വിശദമായ രോഗപരിശോധനയ്ക്ക് വിധേയരാക്കി രോഗവിമുക്തരാണെന്ന് ഉറപ്പുവരുത്തുകയും അവരുടെ സാമൂഹിക വിദ്യാഭ്യാസ സാംസ്കാരിക നിലവാരം വിലയിരുത്തുകയും ചെയ്തതിനുശേഷം യോഗ്യരായവരിൽനിന്നുമാത്രം സ്വീകരിക്കുന്നതുമാണ്. ഇവരിൽനിന്നും പ്രത്യേക സമ്മതപത്രം ഒപ്പിട്ടുവാങ്ങും. ബീജവും അണ്ഡവും സ്വീകരിക്കുന്നവരെ അതിന്റെ എല്ലാ വശവും ശരിയായ രീതിയിൽ പറഞ്ഞു മനസ്സിലാക്കിക്കുകയും പ്രത്യേകം വൈദഗ്ദ്ധ്യം നേടിയ കൗൺസിലർമാരും ഡോക്ടർമാരും പലതവണ അവരെക്കണ്ട് സമ്മതപത്രം ഒപ്പിട്ടു വാങ്ങിയതിനു ശേഷമാണ് ചികിൽസയ്ക്ക് വിധേയരാക്കുന്നത്. ആരുടേയും സമ്മതമോ അറിവോ കൂടാതെ ബീജവും അണ്ഡവും ശേഖരിക്കാൻ കഴിയില്ല. അതുപോലെതന്നെ അറിവോ സമ്മതമോ കൂടാതെ ഒരാളെ ഇത്തരം ചികിൽസയ്ക്ക് വിധേയമാക്കാനും സാധിക്കില്ല. മറ്റ് നിയമങ്ങൾ ഉണ്ടാകുന്നതുവരെ നിലവിലുള്ള സിവിൽ/ക്രിമിനൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവന്ന് നടപടി സ്വീകരിക്കും.

<u>ശ്രീ. വി. കെ. ചന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പൂർണ്ണമായും ഇതിന്റെ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ അദ്ദേഹത്തിന്റെ മറുപടിയിൽനിന്ന് അങ്ങനെ എനിക്ക് തോന്നിയില്ല. ഇത് വല്ലാത്ത ഗൗരവമേറിയ പ്രശ്നമായി ഇപ്പോൾ സമൂഹത്തിൽ വളർന്നുവരികയാണ്. ബഹുമാനപ്പെട്ട അങ്ങും ഇതിന്റെ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഐ.സി.എം.ആർ. പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് മാത്രമേ സംസ്ഥാനത്ത് ഇത്തരത്തിലുള്ള infertility ക്ലിനിക്കുകൾ ആരംഭിക്കുവെന്ന് ഉറപ്പുവരുത്താനും ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന infertility ക്ലിനിക്കുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ലൈസൻസ് ഏർപ്പെടുത്താനും ചികിത്സാ സമ്പ്രദായം കുറ്റമറ്റതാക്കാനുമുള്ള നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: കേന്ദ്ര ഗവൺമെന്റ് ഇതിന് ഒരു നിയമം കൊണ്ടുവരുന്നുണ്ട്. നമുക്കും ഇതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. എന്നാൽ കേന്ദ്രം കൊണ്ടുവരുമ്പോൾ supersede ചെയ്തുപോകും. അവർ വളരെ അഡ്വാൻസ്ഡ് ആയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകുന്നത്. അങ്ങ് പറഞ്ഞതുപോലെ ഐ.സി.എം.ആർ.-ന്റെ മാർഗ്ഗരേഖ Enforceable ആണെങ്കിൽ അങ്ങ് പറഞ്ഞതനുസരിച്ച് ഒന്നുകൂടി അന്വേഷിക്കാം. Enforceable ആയ രീതിയിലെത്തിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. Enforceable ആയിട്ടുണ്ടെങ്കിൽ സ്ട്രിക്റ്റായിട്ട് എൻഫോഴ്സ് ചെയ്യാനാവശ്യമായ കാര്യങ്ങൾ ചെയ്യാം.

(2) മൂവാറ്റുപുഴയിൽ അഡീഷണൽ ജില്ലാ കോടതിയും കുടുംബ കോടതിയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, മൂവാറ്റുപുഴ ഒരു റവന്യൂ ഡിവിഷൻ ആസ്ഥാനമാണ്. അത് ഒരു ജില്ലാ ആസ്ഥാനമാക്കുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പിലാണ്. അവിടെ 400-ലധികം അഭിഭാഷകർ പ്രാക്ടീസ് ചെയ്യുന്ന കോടതികളുണ്ട്. എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശമായ മൂവാറ്റുപുഴയിൽനിന്നും കിഴക്കൻ പ്രദേശങ്ങളായ കോതമംഗലം, കുന്നത്തുനാട്, എന്നീ മേഖലകളിൽ നിന്നും എറണാകുളത്ത് ജില്ലാ സെഷൻസ് കോടതിയിൽ അല്ലെങ്കിൽ ജില്ലാ കുടുംബ കോടതിയിലൊക്കെ കേസുകൾ നടത്താൻ പോകുന്ന ആളുകൾ ധാരാളമുണ്ട്. അവർ 60, 65 കിലോമീറ്റർ യാത്ര ചെയ്യേണ്ടി വരുന്നുവെന്നുള്ളതും അതുപോലെതന്നെ യാത്രാദുരിതങ്ങളുമൊക്കെ അവരെ വല്ലാതെ കഷ്ടപ്പെടുത്തുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുമാത്രമല്ല ഇന്ന് എറണാകുളം സെഷൻസ് കോടതിയിൽ നിലവിലുള്ള കേസുകളുടെ എണ്ണം പരിശോധിച്ചാൽ അതിൽ ബഹുഭൂരിപക്ഷവും ഏതാണ്ട് പകുതിയിലധികവും, മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകളിൽപ്പെട്ടവയാണ് എന്നുള്ളതും കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ട് മൂവാറ്റുപുഴ കേന്ദ്രമായി ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ടും അതുപോലെതന്നെ ഒരു കുടുംബ കോടതിയും സ്ഥാപിക്കണമെന്നുള്ള ആവശ്യം വളരെക്കാലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാർ അവിടെ വരികയും ഇതിനായുള്ള പരിശോധനകൾ നടത്തുകയും അനുകൂലമായ നടപടികൾ സ്വീകരിക്കാമെന്ന് നിരവധി പ്രാവശ്യം ഉറപ്പ് നൽകുകയും ചെയ്തിട്ടുള്ളതാണ്. അതുപോലെതന്നെ എറണാകുളം ജില്ലയിൽ കൂടുതൽ ആളുകൾ കേസുമായി ബന്ധപ്പെടുന്ന പടിഞ്ഞാറൻ മേഖലയ്ക്ക് വേണ്ടി വടക്കൻ പറവൂർ കേന്ദ്രമായി ഒരു അഡീഷണൽ സെഷൻസ് കോടതി ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ കോടതികൾ അനുവദിക്കാൻ ഗവൺമെന്റും ഹൈക്കോടതിയും തയ്യാറായാൽ അതിനാവശ്യമായ സ്ഥലസൗകര്യവും എല്ലാ സജ്ജീകരണങ്ങളും ഒരുക്കുവാൻ മൂവാറ്റുപുഴ ബാർ അസോസിയേഷനും അവിടുത്തെ സാംസ്ക്കാരിക സംഘടനകളും തയ്യാറാണ്. ഇതുപോലെയുള്ള സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ മൂവാറ്റുപുഴയിലെയും കിഴക്കൻ മലയോര മേഖലയിലെയും സാധാരണക്കാരായ ആളുകൾക്ക് വലിയ അനുഗ്രഹമായി

LIBRARY ARCHIVES Kerala Legislative Assembly